Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127
www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

31st October 2015

## തിരഞ്ഞെടുപ്പ് 21871 വാർഡുകളിൽ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ 1199 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 21871 വാർഡുകളിലേയ്ക്ക് ആണ് തിരഞ്ഞെടുപ്പ്. ഇതിൽ 941 ഗ്രാമപഞ്ചായത്തുകളിലായി 15962 വാർഡുകളും 152 ബ്ലോക്ക് പഞ്ചായത്തുകളിലായി 2076 വാർഡുകളും 14 ജില്ലാ പഞ്ചായത്തുകളിലായി 331 ഡിവിഷനുകളും 86 മുനിസിപ്പാലിറ്റികളിലായി 3088 വാർഡുകളും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലായി 414 വാർഡുകളുമാണുള്ളത്.

2010-ലെ തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ 1209 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 21682 വാർഡുകളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും 189 വാർഡുകൾ കൂടുതലായിട്ടുണ്ട്.

മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ വാർഡുകൾ 122 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 2510 വാർഡുകൾ. ഏറ്റവും കുറവ് വയനാട്ടിലാണ്. 31 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 582 വാർഡുകൾ. 2010-ലെ തിരഞ്ഞെടുപ്പിൽ 123 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 2439 വാർഡുകളും വയനാട്ടിൽ 31 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങിലായി 560 വാർഡുകളുമാണ് ഉണ്ടായിരുന്നത്.

55 വാർഡുകൾ ഉൾപ്പെടുത്തി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ചതോടെ മുനിസിപ്പൽ കോർപ്പറേഷനുകളുടെ എണ്ണം ആറായി. മുനിസിപ്പാലിറ്റികളുടെ എണ്ണം 60-ൽ നിന്നും 86 ആയി ഉയർന്നിട്ടുണ്ട്. ഏറ്റവും കൂടുതൽ മുനിസിപ്പാലിറ്റികൾ ഉള്ള ജില്ല എറണാകുളമാണ്. 13 മുനിസിപ്പാലിറ്റികൾ. ഏറ്റവും കുറവ് ഇടുക്കിയിലും. രണ്ട് മുനിസിപ്പാലിറ്റികൾ.

*(എസ്.ഇ.സി. 164/2015)*

## അന്ധരായ സമ്മതിദായകർക്ക് വോട്ട് ചെയ്യുന്നതിന് സഹായിയെ അനുവദിക്കും

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ അന്ധതയോ മറ്റ് ശാരീരിക അവശത മൂലമോ ഒരു സമ്മതിദായകന് പരസഹായം കൂടാതെ വോട്ട് ചെയ്യാൻ കഴിയുകയില്ലെന്ന് പ്രിസൈഡിംഗ് ഓഫീസർക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം സമ്മതിദായകന് വേണ്ടി വോട്ട് രേഖപ്പെടുത്തുന്നതിന് സഹായിയുടെ സേവനം വിനിയോഗിക്കാൻ അനുമതി നൽകും. 18 വയസ്സിൽ കുറയാത്ത പ്രായമുള്ള ആളാകണം സഹായി. എന്നാൽ അപ്രകാരമുള്ള സഹായി ഒരു ദിവസം ഒന്നിലധികം സമ്മതിദായകരുടെ സഹായിയായി പ്രവർത്തിക്കാൻ പാടില്ല. മാത്രമല്ല സഹായി ആ നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥിയോ തിരഞ്ഞെടുപ്പ് ഏജന്റോ പോളിംഗ് ഏജന്റോ ആയിരിക്കാൻ പാടില്ല.

*(എസ്.ഇ.സി. 165/2015)*

## പോളിംഗ് ഏജന്റ്

സമ്മതിദായകരെ തിരിച്ചറിയുന്നതിനായി ഒരു സ്ഥാനാർത്ഥിയുടെ പോളിംഗ് ഏജന്റായി നിയമിക്കപ്പെടുന്നയാൾ കഴിവതും ആ നിയോജകമണ്ഡലത്തിലെ സാധാരണ താമസക്കാരനായിരിക്കണം. എന്നാൽ ആ നിയോജകമണ്ഡലത്തിലെ സാധാരണ താമസക്കാരനല്ലാത്ത ഒരാളെയും പോളിംഗ് ഏജന്റായി സ്ഥാനാർത്ഥിക്ക് നിയമിക്കാവുന്നതാണ്.

*(എസ്.ഇ.സി. 166/2015)*

**<u>നവംബർ രണ്ടിനു തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ പോളിംഗ് സ്റ്റേഷനുകൾ</u>**

നവംബർ രണ്ടിനു തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ പോളിംഗ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ. ജില്ല, പട്ടണപ്രദേശത്തെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം, ഗ്രാമീണ മേഖലയിലെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം എന്ന ക്രമത്തിൽ.

| ജില്ല | പട്ടണപ്രദേശത്തെ പോളിംഗ് സ്റ്റേഷൻ | ഗ്രാമീണ മേഖലയിലെ പോളിംഗ് സ്റ്റേഷൻ |
|---|---|---|
| തിരുവനന്തപുരം | 792 | 2463 |
| കൊല്ലം | 377 | 2360 |
| ഇടുക്കി | 69 | 1384 |
| കോഴിക്കോട് | 670 | 2297 |
| വയനാട് | 99 | 748 |
| കണ്ണൂർ | 440 | 1994 |
| കാസർഗോഡ് | 119 | 1284 |

*(എസ്.ഇ.സി. 167/2015)*